**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6476** **10-07-2024 - ൽ മറുപടിയ്ക്ക്**

**കുട്ടിക്കാനം എം.ആർ.എസ് ലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടിക്കാനം എം.ആർ.എസിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഏത് ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | പീരുമേട് കുട്ടിക്കാനം എം.ആർഎസ്സിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 9,85,00,000/- (ഒൻപത് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.<br><br>വാപ്കോസ് ലിമിറ്റഡ് എന്ന ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്. |
| (ബി) | കരാർ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കേണ്ട തീയതി, കെട്ടിട നിർമ്മാണ പുരോഗതി എന്നിവ അറിയിക്കാമോ; | (ബി) | വാപ്കോസ് ലിമിറ്റഡ് എന്ന ഏജൻസിയുമായുള്ള കരാർ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കേണ്ട തീയതി 31/03/2023 ആണ് . ഹയർ സെക്കന്ററി ബ്ലോക്ക് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ബ്ലോക്ക് പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ് ജോലികൾ സിമന്റ് പെയിന്റ് , പ്രൈമർ എന്നിവ ചെയ്തിട്ടുണ്ട് . വെന്റിലേറ്ററിന്റെ ഗ്രില്ലുകൾ ചെയ്തിട്ടുണ്ട് . പ്രധാന മുറികളിൽ ടൈൽസ് പാകിയിട്ടുണ്ട്. സ്റ്റെയർകെയ്സ്, വരാന്തകൾ എന്നിവിടങ്ങളിൽ ടൈൽസ് ഇടാനുണ്ട് . വയറിംഗ്, പ്ലംബിംഗ്, സാനിറ്ററി വർക്കുകൾ, ജനൽപാളികൾ, വാതിലുകൾ പെയിന്റിംഗ് എന്നിവ ചെയ്യാൻ ബാക്കിയുണ്ട്. |
| (സി) | നിശ്ചയിച്ച തീയതിക്കുള്ളിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കാത്ത കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന വർക്കുകൾ പുരോഗമിച്ചു വരികയാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ